LIBRARY ARCHIVES Kerala Legislative Assembly

വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പർച്ചേയ്സ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവരടങ്ങുന്നു.

2. കൊമേഴ്യൽ ഗോട്ടറി യൂണിറ്റ് -

Deputy Director ചെയർമാനായിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റിയിൽ APOs/ ജില്ല മൃഗസംരക്ഷണ ഓഫീസർ നിയോഗിക്കുന്ന ഓഫീസർമാർ അംഗങ്ങളായിരിക്കും. വ്യാവസായിക ആട് വളർത്തലിൽ ടെയിനിംഗ് നേടിയിട്ടുള്ള കർഷക രജിസ്ട്രേഷൻ നടത്തിയിട്ടുള്ള, 50 സെന്റ് വസ്തു സ്വന്തമായോ പാട്ടത്തിനോ ഉള്ളവർക്കാണ് മുൻഗണന. ചീഫ് വെറ്ററിനറി ഓഫീസർ ചെയർമാനായ പർച്ചേസ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവർ അടങ്ങുന്നു.

3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി -

2018-ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ച് ആനുകൂല്യം ലഭിച്ചവർക്കാണ് മുൻഗണന. പഞ്ചായത്ത് തലത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

4. National Livestock Mission-ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി -

പഞ്ചായത്ത്തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. APL, BPL വിഭാഗങ്ങളിൽനിന്നും 30% സ്ത്രീകൾ ഗുണഭോക്താക്കളായിരിക്കും. നിലവിൽ ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. BPL, ചെറുകിട കർഷകർക്കാണ് മുൻഗണന. പഞ്ചായത്ത് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉരുക്കളെ തെരഞ്ഞെടുക്കുന്നു.

ഇറച്ചിക്കോഴി വില നിയന്ത്രണം

274 (2994) ശ്രീ. പി. അബ്ദുൽ ഹമീദ് .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നതുവഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസംവരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതുകമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം, കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്.

(ബി) മിതമായ വിലയിൽ ഗുണനിലവാരമുള്ള ഇറച്ചിക്കോഴികൾ വിതരണം ചെയ്യുന്നതിന് സർക്കാർ ഏജൻസികളെ ഏതുരീതിയിൽ പ്രാപ്തരാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം കുടുംബശ്രീക്ക് 1600 ബ്രോയിലർ ഫാമുകൾക്കും KSPDC-ക്ക് 200 ബ്രോയിലർ ഫാമുകൾക്കും 50,000 രൂപ വീതവും കുടുംബശ്രീക്ക് 240 വിപണന കേന്ദ്രങ്ങൾക്ക് 25,000 രൂപവീതവും ഫണ്ട് കേരള ചിക്കൻ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ KSPDC-യുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും മേൽത്തരം ഇറച്ചിക്കോഴി വർഗ്ഗമായ വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നു. ഇപ്പോൾ വർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന സ്ഥാനത്ത് പുതിയ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രതിവർഷം 20 ലക്ഷം ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly